## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 691** **04.2.2020 -ൽ മറുപടിയ്ക്ക്**

### വയനാട് ചുരത്തിലൂടെയുള്ള കേബിൾ കാർ പദ്ധതി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| വയനാട് ചുരത്തിലൂടെയുള്ള കേബിൾ കാർ പദ്ധതി എന്നത്തേയ്ക്ക് നടപ്പിൽ വരുത്തുവാൻ കഴിയും എന്നറിയിക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | വയനാട് ചേംബർ ഓഫ് കോമേഴ്സ് ആണ് ഇത് സംബന്ധമായ പദ്ധതി രേഖ സമർപ്പിച്ചിട്ടുള്ളത്. സ്വകാര്യ പങ്കാളിത്തത്തോടു കൂടി ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. കോഴിക്കോട് ജില്ലാ കളക്ടറുടെ ചേംബറിൽ 22/11/2019 ന് നടന്ന യോഗത്തിൽ ചേംബർ ഓഫ് കോമേഴ്സ് അപ്പർ ടെർമിനൽ , ലോവർ ടെർമിനൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം വിലയ്ക്ക് വാങ്ങിയതായും ആയത് പ്ലാന്റേഷൻ കൺവേർഷനുവേണ്ടി റവന്യൂ വകുപ്പിൽ അപേക്ഷ നൽകിയതായും അറിയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ടവർ , കേബിൾ ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയ്ക്കായി അപേക്ഷ വനം വകുപ്പിൽ ചേംബർ ഓഫ് കോമേഴ്സ് നേരിട്ട് സമർപ്പിച്ചിട്ടുള്ളതായും , എൻവയോൺമെന്റസിൽ ക്ലിയറൻസിന് ഏജൻസിയെ നിയോഗിച്ചതായും മേൽ മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ